# വേളം എച്ച് എസ് എസ് ചേരാപുരം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

കോഴിക്കോട് ജില്ലയുടെ കിഴക്കൻ ഭാഗത്ത് വേളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വേളം ഹയർ സെക്കന്ററി സ്കൂൾ പൊതുവെ പിന്നോക്ക പ്രദേശമായി അറിയപ്പെട്ട മേഖലയുടെ സമഗ്ര വികസനത്തിന് എടുത്തു പറയത്തക്ക സംഭാവനകൾ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ പരമായി പരിമിതികൾ നിറഞ്ഞു നിന്നിരുന്ന വേളം പ്രദേശത്ത് സ്ഥാപനത്തിന്റെ വരവോടെ ആളുകൾക്ക് എളുപ്പം എത്തിച്ചേരാൻ കഴിഞ്ഞു. യാത്രാ ദുരിതം കാരണം യു.പി വിദ്യാഭ്യാസത്തിനപ്പുറം ലോകമില്ലാതിരുന്ന ജനതയ്ക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം കൈപ്പിടിയിൽ ഒതുങ്ങി

മികച്ച പഠനാന്തരീക്ഷം സ്കൂളിൽ ഒരുക്കുകയും അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരേ മനസ്സോടെ പ്രവർത്തിക്കുകയും ചെയ്യുന്നതോടെ അക്കാദമിക് രംഗത്തും കലാകായിക രംഗത്തും നേട്ടങ്ങൾ കൊയ്യാൻ സാധിച്ചു. വാർഷിക പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യുകയും നടത്തപ്പെട്ടതിനു ശേഷം വിലയിരുത്തലുകൾ നടത്തി പോരായ്മകൾ കണ്ടെത്തുകയും ചെയ്യുന്നതാണ് ഇവിടുത്തെ രീതി. പ്രതീക്ഷിച്ച രീതിയിൽ ലക്ഷ്യങ്ങൾ നേടുന്നില്ല എന്ന് തോന്നിയാൽ സമഗ്രമായ ചർച്ചകളിലൂടെ പുതുവഴികൾ കണ്ടെത്തി മികച്ച പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്നു.

### അക്കാദമികം - നേട്ടങ്ങൾ

8-ാം ക്ലാസ് മുതൽക്കുതന്നെ വിദ്യാർത്ഥികൾക്ക് മികച്ച പഠനപിന്തുണ നൽകുന്നു. SSLC ക്ക് പ്രത്യേക തീവ്ര പരിശീലന പദ്ധതികൾ നടപ്പാക്കാറുണ്ടെങ്കിലും അതിന്റെ ചുവടുപിടിച്ച് തൊട്ടു താഴെ ക്ലാസുകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നു. ലിറ്റിൽ കൈറ്റ്സ്, JRC , സ്കൗട്ട് , ഗൈഡ് തുടങ്ങിയ പ്രവർത്തനങ്ങളിൽ സജീവമായി കുട്ടികൾ പങ്കെടുക്കുന്നു.

### പരിമിതികൾ

സമീപത്തെ മറ്റു വിദ്യാലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കെട്ടിടങ്ങളുടെ പഴക്കം ഒരു പ്രശ്നമായി നിലനിൽക്കുന്നു . 8 ക്ലാസ് മുറികൾ പുതിയതായി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ബാക്കി ക്ലാസുകൾ അത്ര സൗകര്യപ്രദമല്ലാത്ത പഴയ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവ കൂടെ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലൈബ്രറി സയൻസ് ലാബ് തുടങ്ങിയവ മികച്ച രീതിയിൽ ക്രമീകരിക്കാൻ കെട്ടിടങ്ങളുടെ അപര്യാപ്തത മൂലം കഴിഞ്ഞിട്ടില്ല . IT ലാബിൽ വിദ്യാർത്ഥി അനുപാതത്തിൽ കമ്പ്യൂട്ടറുകൾ എത്തിക്കേണ്ടതുണ്ട്.

### ഭൗതിക സൗകര്യങ്ങൾ

ശാന്തവും സ്വച്ഛവുമായ ഒരു കുന്നിൻ പുറത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.വിദ്യാർത്ഥികൾക്ക് മികച്ച പഠനാന്തരീക്ഷം ഒരുക്കുവാൻ സ്കൂൾ നിൽക്കുന്ന പ്രദേശം സഹായിക്കുന്നു. സർക്കാരിൽ നിന്ന് ലഭിച്ച പ്രൊജക്റ്റർ സൗകര്യങ്ങൾ ക്ലാസുകളിൽ ഒരുക്കിയിട്ടുണ്ട് . ശുദ്ധമായ കുടിവെള്ളം ലഭ്യമാണ്. കമ്പ്യൂട്ടർ ലാബിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം രണ്ട് സ്കൂൾ ബസുകൾ ഓടിക്കുന്നുണ്ട്.

### ഭൗതിക പരിമിതികൾ

നേരത്തെ സൂചിപ്പിച്ച കോൺക്രീറ്റ് കെട്ടിടത്തിലെ ക്ലാസുകൾ ഒഴിച്ച് ബാക്കി ക്ലാസുകൾ ഉന്നത നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട് ആകർഷകമായ നിലയിൽ ഒരുക്കിയ ലൈബ്രറി ഇല്ല. വിദ്യാർത്ഥികൾക്ക്

ഇതിന് വായിക്കാനോ കൃത്യമായി പുസ്തകവിതരണം നടത്താനോ ഇപ്പോൾ ലൈബ്രറി പ്രവർത്തിക്കുന്ന മുറിയിൽ സാധ്യമല്ല . വായനശാല പരിമിതികളിൽ വീർപ്പുമുട്ടുകയാണ്. മഴക്കാലത്ത് ഭക്ഷണം വാങ്ങാനും വിതരണം ചെയ്യാനുമൊക്കെ ബുദ്ധിമുട്ടുകയാണ്. വിദ്യാർത്ഥികൾക്ക് ഇതിന് കഴിക്കാനുള്ള പ്രത്യേക ഇടം ഒരുക്കിയിട്ടില്ല. പെൺകുട്ടികൾക്ക് വൃത്തിയുള്ള ശുചിമുറികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും എണ്ണം കുറവാണ്. സ്കൂളിന് സമീപത്ത് [illegible] ബാക്കി അൽപം അകലെയുമാണ്. JRC , സ്കൗട്ട് , ഗൈഡ്, സ്പോർട്സ് യൂണിഫോം കളിക്കോപ്പുകൾ സൂക്ഷിക്കാൻ പ്രത്യേക ഇടമില്ലാത്തത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഗ്രൗണ്ടിന് വലിപ്പമില്ലാത്തതിനാൽ കായിക മേളകൾ നടത്താൻ പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗിക്കുന്നു. സ്കൂൾ കോമ്പൗണ്ട് ആകർഷകമായി പൂന്തോട്ടങ്ങളോ മറ്റോ പിടിപ്പിച്ചിട്ടില്ല.

## സ്കൂൾ തലത്തിൽ ഈ അധ്യയന വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

മുൻക്ലാസുകളിൽ നിന്ന് ആവശ്യമായ ശേഷികൾ നേടാതെയാണ് ഭൂരിഭാഗം കുട്ടികളും എത്തിച്ചേരുന്നത്. പ്രാഥമികഗണിതം, വായന, എഴുത്ത് തുടങ്ങിയ മേഖലകളിൽ ഈ വിദ്യാലയത്തിലെ പകുതിയോളം കുട്ടികൾ ശരാശരി നിലവാരം മാത്രമേ പുലർത്തുന്നുള്ളൂ. ആയതിനാൽ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു. ഇതിൽ പ്രധാനമായും ലക്ഷ്യം വെക്കുന്നത് 8-ാം തരം വിദ്യാർത്ഥികളെയാണ്.

## പ്രധാന ലക്ഷ്യങ്ങൾ

മുഴുവൻ വിദ്യാർത്ഥികൾക്കും മാതൃഭാഷ ഉൾപ്പെടെ വിവിധ ഭാഷകൾ വ്യക്തമായി എഴുതാനും വായിക്കാനും പറ്റുന്ന രീതിയിൽ പരിശീലനം നൽകും. ഇതിനായി ക്ലാസ് സമയത്തിനു പുറമെ അധിക സമയം കണ്ടെത്തി പരിശീലന ക്ലാസുകൾ സംഘടിപ്പിക്കും. ക്ലാസുകളിൽ നടത്തിയ പരിശോധനകളിൽ എഴുത്ത് വായനാ പരിമിതികളുള്ള വിദ്യാർത്ഥികളെ കണ്ടെത്തി കഴിഞ്ഞാൽ അവരുടെ ദൗർബല്യങ്ങൾക്കനുസരിച്ച് ക്ലാസുകൾ ക്രമീകരിക്കും . ഇതിനായി വിരമിച്ച അധ്യാപകർ , പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവരുടെ സേവനവും ആവശ്യപ്പെടും.

ഭാഷാവിഷയങ്ങൾ, ഗണിതം എന്നിവക്കു പുറമേ മറ്റു വിഷയങ്ങളിലേയും പഠനപിന്തുണ ആവശ്യമുള്ളവരെ കണ്ടെത്തി പ്രത്യേകക്ലാസുകൾ നൽകും. ഈ വിദ്യാലയത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും താരതമ്യേന പിന്നോക്കമായ ചുറ്റുപാടുകളിൽ നിന്ന് വരുന്നവരാണ്. പ്രവാസി കുടുംബങ്ങളിൽ നിന്ന് ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നു. രക്ഷിതാക്കൾ സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലാണെങ്കിലും വീട്ടിൽ വെച്ച് പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകാനുള്ള വിദ്യാഭ്യാസമില്ലെന്നുള്ളത് കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ആയതിനാൽ അധ്യാപകർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായി വരുന്നു.

ദൈനംദിന ജീവിതത്തിൽ പലപ്പോഴും ഉപയോഗിക്കേണ്ടി വരുന്ന ഇംഗ്ലീഷ് ഹിന്ദി ഭാഷകളെയും കുട്ടികൾക്ക് കൂടുതൽ പരിചയപ്പെടുത്തേണ്ടിയിരിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസം ഇംഗ്ലീഷ് മാധ്യമത്തിലായതിനാലും പുതിയ ഉപകരണങ്ങൾ ഉപയോഗിക്കാനും ആ ഭാഷ അത്യന്താപേക്ഷിതമാണെന്നിരിക്കെ ക്ലാസ്സും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കണം. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ സാധിക്കണം. നല്ല മാർക്ക് എഴുത്ത് പരീക്ഷയിൽ ലഭിക്കുന്ന വിദ്യാർത്ഥികൾ പോലും സംസാര ഭാഷ അപ്രാപ്യമെന്ന് കരുതുന്നു. മറ്റ് സംസ്ഥാനങ്ങളിൽ പഠനാവശ്യങ്ങൾക്കും മറ്റും പോകുമ്പോൾ ഹിന്ദി പ്രാവീണ്യം നിർബന്ധമാണ്. ഇത് രണ്ടും സുഗമമാക്കുന്ന പ്രവർത്തനങ്ങൾ സബ്ജക്ട് കൗൺസിലുകളുടെ മുൻഗണനാ വിഷയങ്ങൾ ആവണം.

## SSLC ഗുണമേന്മാ പരിപാടികൾ

C+ ൽ കുറയാത്ത ഗ്രേഡ് ഓരോ വിഷയത്തിലും ലക്ഷ്യം വെക്കുന്നു അതിനായി ആദ്യ യൂണിറ്റ് ടെസ്റ്റ് കഴിഞ്ഞ ഉടനെ പിന്നാക്കം പോയവരുടെ പട്ടികതയ്യാറാക്കി ഓരോ സബ്ജക്ട് കൗൺസിലും തീവ്ര പരിശീലനം ആരംഭിക്കുന്നു ഓരോ അധ്യാപകനും ഏതാനും വിദ്യാർത്ഥികളുടെ പേര് നൽകി അവരുടെ പൂർണമായ ചുമതല നൽകുന്നു. A+ എണ്ണം വർധിപ്പിക്കാൻ മേൽപറഞ്ഞ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുന്നു ശനിയാഴ്ചകളിൽ ഉച്ചവരെയെങ്കിലും ക്ലാസുകൾ ഉറപ്പാക്കും.

ഓരോ ടേമിലും 3 - 4 ദിവസം നീണ്ടുനിൽക്കുന്ന പഠന ക്യാമ്പുകൾ നടത്തും.

മാസാമാസം യൂണിറ്റ് ടെസ്റ്റുകൾ

ഏറ്റവും കുറഞ്ഞത് 4 ക്ലാസ് PTA കൾ എങ്കിലും നടത്തും.

പഠനത്തിനു പുറമേ മാനസികോല്ലാസം നൽകുന്ന പരിപാടികൾ സംഘടിപ്പിക്കും.

ജില്ലാ പഞ്ചായത്തിന്റെ വിജയോത്സവം പരിപാടി പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കി നല്ല നടപടികൾ എടുക്കും

SCERT ചോദ്യ പൂളുകൾ അല്ലെങ്കിൽ Model Questions പുറത്തുവിടുന്നതിനനുസരിച്ച് പരീക്ഷകളും പരിശീലനങ്ങളും നൽകും.

## 8-ാം സമഗ്ര ഗുണമേന്മാ പ്രവർത്തനങ്ങൾ

വിവിധ വിഷയങ്ങളിൽ പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കൽ. അധ്യയനം പിന്നാക്കക്കാരെയും കൂടെ ലക്ഷ്യം വെക്കുന്ന രീതിയിൽ ക്രമീകരിക്കുന്നു ' ഉയരെ' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നു. ഗണിതം, ശാസ്ത്രം, ഭാഷ, ഐ ടി എന്നിവയിൽ പ്രത്യേക പരിശീലനം. ക്യാമ്പുകൾ സംഘടിപ്പിക്കും. പുറത്ത് നിന്നുള്ള അധ്യാപകരുടെ സേവനം ലഭ്യമാക്കും. ഇതിന്റെ ചെലവ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കും. പഠന പ്രവർത്തനങ്ങൾക്ക് ഇടയിൽ വിജ്ഞാന വിനോദ പരിപാടികൾ നടത്തി വിരസത ഇല്ലാതാക്കും. പ്രവർത്തന കാലഘട്ടം - അധ്യയന വർഷം മുഴുവൻ , ക്യാമ്പുകൾ - ആഗസ്റ്റ് / ഡിസംബർ മാസങ്ങളിൽ

30% ൽ കുറയാത്ത മാർക്ക് മുഴുവൻ പേർക്കും ലഭിക്കൽ മുഖ്യലക്ഷ്യം.

## 9 -ാം ക്ലാസ് ഗുണമേന്മാ പരിപാടികൾ

8ാം തരത്തിൽ ചെയ്തു വന്നതിന്റെ തുടർച്ചയായി വിവിധ വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കും. ഓരോ വിഷയത്തിനും സീനിയർ അധ്യാപകരെ കൺവീനർമാരാക്കി പഠന ഗ്രൂപ്പുകൾ തയ്യാറാക്കും. സ്കൂൾ സമയത്തിന് പുറമേ അവധി ദിനങ്ങൾ ഉൾപ്പെടുത്തി ക്ലാസുകൾ . ആഗസ്റ്റ് - ഡിസംബർ മാസങ്ങളിൽ പഠനക്യാമ്പുകൾ .

# Academic Master Plan – English

| | ലക്ഷ്യം | കാലം | ചുമതല | പ്രവർത്തനങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 1. | തെറ്റില്ലാതെ ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് പ്രാവീണ്യ പരിശോധന, ഇംഗ്ലീഷ്ആശയവിനിമയം പ്രോത്സാഹിപ്പിക്കൽ , ഇംഗ്ലീഷ് ഡയറി പ്രവർത്തനങ്ങൾ | SRG |
| 2. | ഇംഗ്ലീഷ് അസംബ്ലി | മാസം 1 | ഇംഗ്ലീഷ് അധ്യാപകർ | അസംബ്ലി നടപടികൾ ഇംഗ്ലീഷിൽ Prayer, Pledge, Introductory Speech etc. | English Club, SRG |
| 3. | സർഗശേഷി വികസനം | പ്രതിമാസം | ഇംഗ്ലീഷ് കൗൺസിൽ | സ്കൂൾ കലോത്സവ ഇനങ്ങൾ പരിശീലിപ്പിക്കുക . Skit, Drama | SRG |
| 4. | English Fest | വർഷം 1 | SRG | ഇംഗ്ലീഷ് ഇനങ്ങളുടെ അവതരണം | SRG, PTA പ്രതീക്ഷിത ചെലവ് 10000 /. |
| 5. | ICT സാധ്യതകൾ ഉപയോഗിക്കൽ | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ, SITC | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകൾ ക്ലിപ്പുകൾ പ്രദർശിപ്പിക്കൽ , DTP പരിശീലനം | Little Kites |
| 6. | English Movie Festival | വർഷത്തിലൊന്ന് | ഇംഗ്ലീഷ് അധ്യാപകർ | സിലബസിൽ ഉള്ളതും പുറത്തുള്ളതുമായ ലോക ക്ലാസിക് സിനിമകളുടെ പ്രദർശനം , ചർച്ച | SRG , English Club |
| 7. | ഇംഗ്ലീഷ് സാഹിത്യകാരന്മാരെ പരിചയപ്പെടൽ | അധ്യയന വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | പ്രമുഖ ഇംഗ്ലീഷ് അമേരിക്കൻ സാഹിത്യകാരന്മാർ , ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാർ, ലാറ്റിനമേരിക്കൻ എഴുത്തുകാർ – ഇവരുടെ ജീവചരിത്രം പരിചയപ്പെടുത്തുക. | SRG |
| 8. | പാർശ്വവത്കരിക്കപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുക | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | ഗൃഹസന്ദർശനം - ആത്മവിശ്വാസം പകരൽ – പ്രാദേശിക ക്ലാസുകൾ നടത്തി പിന്നാക്കക്കാരെയും മുൻപന്തിയിൽ കൊണ്ടുവരൽ | SRG, PTA |
| 9. | English Quiz | വർഷം 3 | ഇംഗ്ലീഷ് അധ്യാപകർ | പൊതുവിജ്ഞാനം അളക്കുകയും ചോദ്യങ്ങൾ ഇംഗ്ലീഷിൽ ചോദിക്കപ്പെടുകയും ചെയ്യുന്നു. | SRG |
| 10. | Field Trip | വർഷം 2 | ഇംഗ്ലീഷ് അധ്യാപകർ | വലിയ ചെലവ് വരാത്ത രീതിയിൽ ഹ്രസ്വ ദൂരയാത്രകൾക്കുശേഷം യാത്രാ വിവരണങ്ങൾ എഴുതിക്കുന്നു. സമ്മാനം നൽകുന്നു | PTA, SRG |
| 11. | സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം | വർഷം 3 | SRG, ഇംഗ്ലീഷ് അധ്യാപകർ | മദ്യം, മയക്കുമരുന്ന് , [illegible] ലഹരി കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിങ്ങനെ വിഷയങ്ങൾ നൽകി കൊളാഷ് നിർമ്മാണം, സെമിനാർ, Placard നിർമ്മാണം മുതലായവ | PTA, SRG |

## അക്കാദമിക മാസ്റ്റർ പ്ലാൻ – മാതൃഭാഷ

## മേഖല – അക്കാദമികം

## ഉപമേഖല – മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ , ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ, ജൂലൈ, ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടുത്തുക, വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | വായനക്കൂട്ടം രൂപീകരണം, ക്ലാസ് ലൈബ്രറി, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, ചുമർ പത്രിക ഒരുക്കൽ, വായനോത്സവം സംഘടിപ്പിക്കൽ, വായനാക്കുറിപ്പ് - പതിപ്പ് സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം കലാസാഹിത്യ വേദി | SRG, PTA |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തു കൂട്ടം ) | എഴുത്തു കൂട്ടം രൂപീകരണം, എഴുത്തിന് മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ, ചുമർ പത്രിക ഒരുക്കൽ, രചനാ ശില്പശാല, കഥാ ക്യാമ്പ് , കവിതാക്യാമ്പ് . | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | PTA |
| 4. | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാ സാഹിത്യവേദി) | വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം, ക്ലാസ് സഭ, സ്കൂൾ സഭ, ബാല സഭ, CD വീഡിയോ പ്രദർശനം, ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അധ്യാപകർ, വിദ്യാരംഗം, IEDSS | SRG, PTA |
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | ക്ലാസ് ലൈബ്രറി രൂപീകരണം, സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും, മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ, വായനാമൂലകൾ, വായനാമുറി, സൗകര്യമൊരുക്കൽ | ആറുമാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SRG, PTA |
| 6. | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ, ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് | നാടകക്കളരി , പാഠഭാഗമുൾപ്പെടെയുള്ളവയുടെ നാടകീകരണം, ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ, പൊതു വേദികളിലെ അവതരണം | ആറുമാസം | ഭാഷാധ്യാപകർ, ആർട്ട് - മ്യൂസിക് അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| | മാറ്റാനുള്ള ശേഷി | | | | |
| 7. | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | രചനകൾ ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>പത്ര ക്വിസ് ( പ്രതിദിനം ഒരു ചോദ്യം) | വാർത്ത - ദിവസവും 5 മിനിറ്റ് | SITC, റേഡിയോ ക്ലബ്ബ്, ക്ലാസ് ടീച്ചേഴ്സ് | SRG, PTA |
| 8. | ICT സാധ്യതകൾ ആശയവിനിമയത്തിന് | പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ<br>വീഡിയോ, ക്ലാസുകൾ എന്നിവ ശേഖരിച്ചതും നിർമ്മിച്ച് എഡിറ്റ് ചെയ്തവയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ | ആവശ്യാനുസരണം | ഭാഷാധ്യാപകർ, SITC | SRG, KITE IT@School |
| 9. | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | സെമിനാറുകൾ, അഭിമുഖങ്ങൾ, പാനൽ ചർച്ചകൾ, സംവാദം മുതലായവ | വർഷത്തിൽ ഒരൊന്ന് | ഭാഷാധ്യാപകർ | SRG, PTA |
| | | മേഖല : അക്കാദമികം / ദിനാചരണങ്ങൾ<br>ഉപമേഖല : സമഗ്ര വികസനം | | | |
| 1. | വ്യക്തിത്വ വികസനം | വിവിധ വിഷയങ്ങൾ കോർത്തിണക്കി ത്രിദിന സഹവാസ ക്യാമ്പ് | വർഷത്തിൽ ഒന്ന് | SRG | PTA |
| 2. | വിവിധ ശേഷികളുടെ പരിപോഷണവും വികസനവും | അക്കാദമിക വർഷത്തേക്കുള്ള വിവിധ ദിനാചരണങ്ങൾ SRG യിൽതീരുമാനിച്ച്<br>സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പാക്കുന്നു.<br>സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | ആവശ്യാനുസരണം | SRG,PTA | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – മാനവിക വിഷയങ്ങൾ

## സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | സാമൂഹ്യജീവി എന്ന നിലയിൽസാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന്കുട്ടിയെ പ്രാപ്തനാക്കുക | ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽഇടപെടാനുള്ള പ്രവർത്തനങ്ങൾ | ദീർഘ കാലം | അധ്യാപകർ, രക്ഷിതാക്കൾ | PTA |
| 2. | ജനാധിപത്യ മൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | SS ക്ലബ്ബ് പ്രവർത്തനങ്ങൾ ക്ലാസ് തല സ്കൂൾ തെരഞ്ഞെടുപ്പ് | യഥാസമയങ്ങളിൽ | അധ്യാപകർ | PTA, SMC |
| 3. | പ്രാദേശിക തലംമുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്ന് ചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | പ്രാദേശിക ചരിത്ര രചനയും Mapping ഉം , പഞ്ചായത്ത് ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ | ഒരു മാസം | അധ്യാപകർ, SS Club | PTA, ചരിത്ര രാഷ്ട്രീയ ഗവേഷകർ |
| 4. | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽശാസ്ത്രീയമാക്കുന്നതിന്സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരിക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യശാസ്ത്രത്തിനുള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്ന ലാബ്. ( വിവിധതരം ഭൂപടങ്ങൾ, Globe, തെർമോമീറ്റർ പോലെയുള്ള ഉപകരണങ്ങൾ) | നാല് മാസം | SS Club, അധ്യാപകർ | SRG, PTA |
| 5. | ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം മനസ്സിലാക്കാനും തിരിച്ചറിയാനും ദേശീയബോധം വളർത്താനും ദേശീയോദ്ഗ്രഥന ക്യാമ്പ് | കുട്ടികളെ വിവിധ സംസ്ഥാനക്കാരുടെവേഷംഅണിയിച്ച്കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ഒരുക്കുക | യഥാസമയം | അധ്യാപകർ, SS Club | SRG |
| 6. | പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കലും ഉറപ്പിക്കലും | ചരിത്രം, സാംസ്കാരിക പ്രധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം നടത്തുക. (അഴിമുഖം, കരകൗശല വസ്തു Village, Musium) | വർഷം രണ്ടെണ്ണം | അധ്യാപകർ, SS Club | PTA, പൂർവ്വ വിദ്യാർത്ഥികൾ |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| കുട്ടികൾ ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക | ഓറൽ ടെസ്റ്റ്, മൂല്യനിർണ്ണയം, ലഘു പരീക്ഷണങ്ങൾ, ആശയധാരണ ഉറപ്പിക്കൽ | ജൂൺ, ജൂലൈ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | Science Club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും. സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ ഉപയോഗം. സഹവാസ ക്യമ്പ് (ശാസ്ത്രക്ലാസുകൾ, നിർമ്മാണം) | ജൂലൈ | അധ്യാപകർ, SRG, സയൻസ് ക്ലബ്ബ് | |
| സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ , ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ | ആദ്യടേം | ശാസ്ത്രാധ്യാപകർ | |
| പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | ശാസ്ത്രീയ നാമം , വർഗ്ഗീകരണം, പ്രാദേശിക നാമം മുതലായവ രേഖപ്പെടുത്തൽ | ഒരു വർഷം | ശാസ്ത്രാധ്യാപകർ | |
| മാലിന്യ മുക്ത - ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസര ശുചീകരണം, ശുചിത്വ ബോധവത്ക്കരണം, കൊളാഷ് ആരോഗ്യ ക്ലാസ് ജീവിത ശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്രമേള ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല ലഘു പരീക്ഷണങ്ങളുടെ നിർവ്വഹണം, മോഡൽ നിർമ്മാണം, ശാസ്ത്ര ക്വിസ് | ആദ്യ ടേം | ശാസ്ത്രാധ്യാപകർ | |
| പ്രയാസമേറിയ ശാസ്ത്ര പാഠഭാഗങ്ങൾ മനസ്സിലാക്കാനുതകുന്ന വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ, പിയർ ലീഡേഴ്സിന്റെ സഹായത്താൽ | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രപഠനം രസകരമാക്കാനും ശാസ്ത്ര തല്പരത ഉണർത്താനും | ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക. ശാസ്ത്രപ്പതിപ്പ് , കൊളാഷ് , ചാർട്ടുകൾ | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ | | | |
| | ശാസ്ത്ര പഠനയാത്രകൾ<br>(പ്ലാനറ്റോറിയം, അക്വേറിയം etc.) | | | |
| ആകാശ വിസ്മയങ്ങളും പ്രപഞ്ച സത്യങ്ങളും ഉൾക്കൊണ്ടു കൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം | വാന നിരീക്ഷണവും ക്ലാസും | ഡിസംബർ, ജനുവരി | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രപ്രതിഭകളെ തിരിച്ചറിയുക | പ്രത്യേക പരിശീലനം - സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്ര പഠനത്തിന്നു<br>തനശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ<br>(ICT സാധ്യതകൾ) | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,<br>വീഡിയോ, ആനിമേഷൻ എന്നിവ ശേഖരിച്ച് സ്കൂളിലെ സ്മാർട്ട് സംവിധാങ്ങളുപയോഗിച്ച് പഠാവതരണത്തിനും ആശയ വിനിമയത്തിനുമായി<br>ഉപയോഗിക്കൽ | എല്ലായ്പ്പോഴും | ശാസ്ത്രാധ്യാപകർ | SITC |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – കലാവിദ്യാഭ്യാസം 2025 – 26

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|---|
| 1 | സർഗാത്മകത കണ്ടെത്താനുള്ള വഴികൾ | കഥ പറയൽ, എഴുത്ത്, വിഷയാധിഷ്ഠിതം | ജൂൺ , ജൂലൈ , ആഗസ്റ്റ് | ആർട്ട് ടീച്ചേഴ്സ്, ക്ലാസ് ടീച്ചേഴ്സ് | എസ് ആർ ജി, പി ടി എ |
| | | ആലോചനകൾ , കാഴ്ചപ്പാടുകൾ, സ്വപ്നങ്ങൾ എല്ലാം കുട്ടികൾക്ക് കഥകളായി വളർത്താനും എഴുതാനും അവസരം ഒരുക്കുക. | | | |
| 2 | ത്രിമാനത 3D | Object Study | ക്ലാസ് സമയം | ആർട്ട് ടീച്ചേഴ്സ് | എസ് ആർ ജി, പി ടി എ |
| | | വസ്തുക്കളെ നിരീക്ഷിച്ച് അവന്റെ / അവളുടെ കാഴ്ചപ്പാടുകൾ ചർച്ച ചെയ്യിക്കപ്പെടുന്നു. | | | |
| 3 | പ്രകൃതിയെയും മനുഷ്യനെയും പറ്റിയുള്ള പഠനം | വൈവിധ്യമാർന്ന യാത്രാനുഭവങ്ങൾ നൽകുക | ഒഴിവ് ദിനങ്ങൾ | ആർട്ട് ടീച്ചേഴ്സ്, ക്ലാസ് ടീച്ചേഴ്സ് | എസ് ആർ ജി, പി ടി എ |
| | | പ്രകൃതി, മ്യൂസിയം, ഗ്യാലറികൾ, പുതിയ അനുഭവങ്ങൾ കുട്ടികൾക്ക് ലോകത്തെ വ്യത്യസ്തമായ രീതിയിൽ കാണാൻ സഹായിക്കുന്നു | | | |
| 4 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കലാപരിശീലന പരിപാടികൾ | കലയും ശാസ്ത്രവും ഉപയോഗിച്ചുള്ള പഠനരീതി | ആഴ്ചയിൽ ഒരു ദിവസം | ആർട്ട് ടീച്ചേഴ്സ്, ഐ ടി ടീച്ചർ | എസ് ആർ ജി, പി ടി എ |
| | | Digital Painting, Krita, Inkscape, Gimp പോലുള്ള app ഉപയോഗിക്കുക. Layers and blending tools | | | |
| 5 | AI Tool വരും കാലത്തേക്ക് | AI ടൂളുകളെപ്പറ്റി മനസിലാക്കി കൊടുക്കലും Generation ചിത്രങ്ങൾ ഡ്രോയിങ്ങുകൾ നിർമ്മിക്കുന്നത് പരിശീലിപ്പിക്കുന്നു. | ഒഴിവ് ദിനങ്ങൾ | ആർട്ട് ടീച്ചേഴ്സ്, ക്ലാസ് ടീച്ചേഴ്സ് | എസ് ആർ ജി, പി ടി എ |
| | Virtual Reality | VR 3D ഗ്യാലറി അനുഭവം ഉണ്ടാക്കാൻ സഹായിക്കുക / പരിചയപ്പെടുത്തുന്നു | | | |
| 6 | World Culture and Study | ഓൺലൈൻ പഠനസൗകര്യങ്ങൾ യുട്യൂബ്, Khan Academy പോലുള്ള പ്ലാറ്റ്ഫോമുകൾ വഴി കലാലോകത്തെ പ്രശസ്തരായ കലാകാരന്മാരെ അറിയാൻ സഹായിക്കുക | ആഴ്ചയിൽ ഒരു ദിവസം | ആർട്ട് ടീച്ചേഴ്സ്, ക്ലാസ് ടീച്ചേഴ്സ് | എസ് ആർ ജി, പി ടി എ |
| | | Google Arts & Culture പരിചയപ്പെടുത്തുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| 7 | New media, Film Cinematography and Animation സങ്കേതങ്ങൾ മനസ്സിലാക്കുക | ആനിമേഷൻ , സിനിമ, വീഡിയോ, ആർട്ട് എന്നിവ പരിചയപ്പെടുത്തുന്നു | ആഴ്ചയിൽ ഒരു ദിവസം | ആർട്ട് ടീച്ചേഴ്സ്, ക്ലാസ് ടീച്ചേഴ്സ് | എസ് ആർ ജി, പി ടി എ |
| | | കലാതാത്പര്യമുള്ളവരെ കണ്ടെത്തുകയും അവർക്ക് പ്രത്യേകപരിശീലന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു | അവധി കാലം | ആർട്ട് ടീച്ചർ | എസ് ആർ ജി, പി ടി എ |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

### Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

### Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# വേളം ഹൈസ്കൂൾ ചേരാപുരം

മാസ്റ്റർപ്ലാൻ (ഗണിതശാസ്ത്രം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ , അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ , ഗണിത ക്ലബ്ബ് | പിടിഎ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6.അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂ ടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ, കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9 ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ . നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ ,പിടിഎ പ്രസിഡണ്ട് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

VELOM HIGHER SECONDARY SCHOOL

@ഉർദു

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം - ഉർദു

### ആമുഖം

ഇൻഡോ ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു. അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീതസുന്ദര ഭാഷയായ ഉർദു ഗസലുകളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റേയും മാനവ സാഹോദര്യത്തിന്റേയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്

**Velom hss** ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും 10 ാം. ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക
- വിവിധ കലാ പരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
- 10 ാം തരത്തിലെ ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ സി പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | മീർ ആവാസ് വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 3 | കൈയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ . കൈയ്യെഴുത്ത്, എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി, * കയ്യെഴുത്ത് മാസിക * ചുമർ പത്രിക നിർമാണം * വായന കാർഡ് നിർമാണം | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 4 | ഉർദു ടൈപ്പിംഗ് | * കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. * പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ | | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 5 | ഉർദു പത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 6 | ഓൺലൈൻ മീഡിയ ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കൽ | അദ്ധ്യായന വർഷം | ഉർദു ക്ലബ്ബ് | | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 7 | ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | | | |
| 8 | ഗസൽ & മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 5000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 9 | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 10 | ഷോർട്ട് ഫിലിമുകൾ | കുട്ടികളിൽ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | അദ്ധ്യായന വർഷം വിവിധ സന്ദർഭങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 11 | ഹമാരി സബാൻ ഉർദു ദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | നവംബർ 9 | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 12 | വായനാ ശാക്തീകരണം | കുട്ടി വായന അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് പുസ്തക ചർച്ച ക്വിസ് മത്സരം മെഗാ ക്വിസ് | അദ്ധ്യായന വർഷം | പി.ടി.എ, വിദ്യാർത്ഥികൾ, ഉർദു സബ്ജക്ട് കൗൺസിൽ | 3000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **അഭിമുഖ സംഭാഷണം** | ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അഭിമുഖ സംഭാഷണം നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഉർദു സബ്ജക്ട് കൗൺസിൽ, | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 15 | **ദിനാചരണങ്ങൾ** | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും , സർഗ്ഗാത്മകത വളർത്തുന്നതിനും | അതാത് ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ, | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 16 | **തൊഴിൽ നൈപുണി** | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി, വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | പ്രതീക്ഷിത | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

മേഖല: അക്കാദമികം
ഉപ. മേഖല: അറബി

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഉപഭാഷ - അറബി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബി അനായാസം വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തിയെടുക്കുക | * മുന്നറിവ് പരിശോധിക്കാൻ പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* എഴുത്ത് പരിശീലനം<br>* പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ | ജൂൺ ജൂലൈ | ഭാഷാധ്യാപകർ | SRG, PTA |
| 2 | വായനയിലൂടെ ഭാഷാ ശേഷി വർദ്ധിപ്പിക്കാൻ ക്ലാസ്സുകളിൽ സാഹചര്യമൊരുക്കൽ | * ക്ലാസ്തല വായനാമത്സരം<br>* ക്ലാസ് ലൈബ്രറിയുടെയും സ്കൂൾ ലൈബ്രറിയുടെയും ഫലപ്രദമായ ഉപയോഗം<br>* വായനാകുറിപ്പ് തയ്യാറാക്കൽ | 4 മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, | SRG, PTA |
| 3 | എഴുത്തിലൂടെ അറബി ഭാഷാശേഷി വികസിപ്പിക്കുക | * കൈയെഴുത്ത് മത്സരം<br>* ചുമർ പത്രിക ഒരുക്കൽ, പതിപ്പ് നിർമാണം | ഒരു വർഷം | ഭാഷാധ്യാപകർ | PTA |
| 4 | അറബി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * അറബിക് ടൈപ്പിംഗ് പരിശീലനം<br>* CD, വീഡിയോ പ്രദർശനം | ജൂൺ | ഭാഷാധ്യാപകർ SITC SITC | PTA |
| 5 | ഡിസംബർ 18 - അറബി ഭാഷാദിനം സമുചിതമായി. ആഘോഷിക്കൽ | * വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാർ<br>* പുസ്തക പ്രദർശനം<br>* പോസ്റ്റർ - വീഡിയോ പ്രദർശനം | ഡിസംബർ | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, | SRG, PTA |
| 6 | സർഗവാസനകളുടെ പരിപോഷണം | * അറബി സാഹിത്യ സമാജം, സദസ്സ്.<br>* അറബി കലാ സാഹിത്യ മത്സരങ്ങൾക്ക് പരിശീലനം | യഥാവിധി | ആർട്സ് അധ്യാപകർ | PTA |
| 7 | അറബിയിലെ പിന്നാക്കക്കാരെ മുഖ്യധാര യിലെത്തിക്കൽ | * അധികസമയ ക്ലാസ്;<br>* മോട്ടിവേഷൻ, പരിഹാരബോധനം | ആഴ്ചയിൽ രണ്ട് | മുഴുവൻ അധ്യാപകർ | SRG, PTA |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

ഹിന്ദി

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ ദിനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

<u>പത്താംതരം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

Pavithra KP
Convenor
Subject Council
Hindi

# വേളം ഹയർ സെക്കണ്ടറി സ്കൂൾ,ചേരാപുരം.

## സംസ്കൃതം- വാർഷിക പ്ലാൻ 2025-26

| മാസം | പ്രവർത്തനങ്ങൾ | ചുമതല | റിമാർക്സ് |
|---|---|---|---|
| ജൂൺ | അക്ഷര പഠനം<br>വായന<br>പദപരിചയം<br>വാക്യനിർമ്മാണം | സംസ്കൃതം | |
| ജൂലായ് | ക്ലബ് രൂപീകരണം<br>ശബ്ദകോശ നിർമ്മാണം | സംസ്കൃതം | |
| ആഗസ്റ്റ് | വായന മത്സരം<br>പോസ്റ്റർ നിർമ്മാണം | സംസ്കൃതം | |
| സപ്തംബർ | രചനാ മത്സരങ്ങൾ<br>ക്വിസ്സ് മത്സരം | സംസ്കൃതം | |
| ഒക്ടോബർ | സമ്പുട നിർമ്മാണം<br>കലോത്സവം | സംസ്കൃതം | |
| നവംമ്പർ | മാസിക നിർമ്മാണം | സംസ്കൃതം | |
| ഡിസംബർ | അർദ്ധവാർഷിക തയ്യാറെടുപ്പ് | സംസ്കൃതം | |
| ജനുവരി | സ്കോളർഷിപ്പ് പരീക്ഷ തയ്യാറെടുപ്പ് | സംസ്കൃതം | |
| ഫിബ്രുവരി | പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | സംസ്കൃതം | |
| മാർച്ച് | പരീക്ഷകൾ | | |
| | | | |

PAVITHRAN. M.T
BLOCK PROJECT CO-ORDINATOR
SSK
BRC KUNNUMMAL
P.O. VATTOLI, PIN 673507

15-7-25